LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ല :

8. ജി.എഫ്.പി.സ്കൂൾ, മാണിക്കോത്ത്

9. ജി.എൽ.പി.സ്കൂൾ, കുന്നത്തൂർ, മഞ്ചേശ്വരം

കോഴിക്കോട് ജില്ല :

10. ജി.എം.യു.പി.സ്കൂൾ, രാരോത്ത്

11. ജി.എൽ.പി. സ്കൂൾ, ഇരഞ്ഞിക്കൽ

ആർ.എം.എസ്.എ. പദ്ധതി

30 (5097) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര യു.പി. സ്കൂളുകൾ ആർ.എം.എസ്.എ. പദ്ധതിയിലുൾപ്പെടുത്തി കഴിഞ്ഞ 4 വർഷത്തിനുള്ളിൽ ഹൈസ്കൂളുകളാക്കി ഉയർത്തിയിട്ടുണ്ട് എന്ന് അവയുടെ പേരും ജില്ലയും സഹിതം വ്യക്തമാക്കാമോ ;

(ബി) ആർ.എം.എസ്.എ. പദ്ധതിപ്രകാരം ഹൈസ്കൂളുകളാക്കി ഉയർത്തപ്പെട്ട സ്കൂളുകളിൽ ഹൈസ്കൂൾ പ്രവർത്തിക്കാനാവശ്യമായ കെട്ടിട സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പദ്ധതി പ്രകാരമുള്ള സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കുന്നതിനായി 35 ലക്ഷം രൂപ വീതം അനുവദിക്കണമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ സ്കൂളുകളിൽ ഇതിനായി ഫണ്ടനുവദിച്ചിട്ടുണ്ട് ; ബാക്കി സ്കൂളുകൾക്ക് ഫണ്ടനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) പ്രസ്തുത സ്കൂളുകൾക്ക് അടിയന്തരമായി കെട്ടിടം നിർമ്മിച്ചു നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉയർത്തപ്പെട്ട ഇത്തരം സ്കൂളുകളിൽ ഹൈസ്കൂൾ വിഭാഗത്തിൽ പ്രഥമാദ്ധ്യാപകരോ അദ്ധ്യാപകരോ ഒരു അദ്ധ്യയനവർഷത്തിൽ പൂർണ്ണമായി ഇല്ലാത്തത് വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അദ്ധ്യാപകരെ ഉറപ്പുവരുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം 2011-12 വാർഷിക പദ്ധതിയിൽ 16 യു.പി. സ്കൂളുകൾ ഹൈസ്കൂളുകളായി ഉയർത്തിയിട്ടുണ്ട്. (പ്രസ്തുത സ്കൂളുകൾ 2013-14 അദ്ധ്യയന വർഷം ഹൈസ്കൂളുകളായി പ്രവർത്തനം ആരംഭിച്ചു) ജില്ല തിരിച്ചുള്ള സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 58.12 ലക്ഷം രൂപയാണ് ഓരോ സ്കൂളിനും പദ്ധതി പ്രകാരം ലഭ്യമാക്കുന്നത്. അതിൽ ആദ്യഘട്ടത്തിൽ അനുവദിച്ച 60 സ്കൂളുകളിൽ 57 സ്കൂളുകൾക്ക് 40 ലക്ഷം രൂപ വീതവും ആർ.എം.എസ്.എ. പദ്ധതിയിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്. രണ്ടും മൂന്നും ഘട്ടത്തിൽ അനുവദിച്ച 52 (36+16) സ്കൂളുകൾക്ക് തുക കേന്ദ്ര സർക്കാർ അനുവദിച്ചത് 2015-16 സാമ്പത്തിക വർഷത്തിലാണ്. കെട്ടിട നിർമ്മാണപ്രവർത്തനം ഈ അദ്ധ്യയന വർഷം തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) കെട്ടിട നിർമ്മാണം ആരംഭിക്കാത്ത 52 (36+16) സ്കൂളുകളുടെ കെട്ടിട നിർമ്മാണപ്രവർത്തനം ഈ അദ്ധ്യയന വർഷം തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിന് കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുള്ള 58.12 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ബാക്കി തുക തദ്ദേശസ്വയംഭരണ സ്ഥാപനംവഴി ലഭ്യമാക്കി പണി പൂർത്തീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നത് അതാത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ്. ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ പുനർവിന്യാസത്തിലൂടെയും വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിലും പ്രൊട്ടക്ടഡ് വ്യവസ്ഥയിലും നിയമിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ വഴി വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വാളകം സി.എസ്.ഐ. ബധിര സ്കൂളിലെ ഹോസ്റ്റൽ വിദ്യാർത്ഥികൾക്കുള്ള ഭക്ഷണവിതരണം

31 (5099) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വാളകം സി.എസ്.ഐ. ബധിര സ്കൂളിലെ ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ഭക്ഷണം നൽകുന്നതിനുള്ള സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള കരാർ നൽകിയിരിക്കുന്നത് ആർക്കാണ് ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.